LIBRARY ARCHIVES Kerala Legislative Assembly

സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അൺ എയ്ഡഡ് സ്കൂളുകൾ

36 (1112) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സ്കൂളുകളിൽ എത്ര കുട്ടികളും അദ്ധ്യാപകരും ഉണ്ട്; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സി. ബി. എസ്. ഇ., ഐ. സി. എസ്..ഇ. അൺ എയ്ഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച വിവരം അനുബന്ധം (1) ആയി ചേർക്കുന്നു.

(ബി) 555 സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., സ്കൂളുകൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം (2) ആയി ചേർക്കുന്നു.*

കെ.ഇ.ആർ. നിയമത്തിലെ ഭേദഗതി

37 (1113) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് സ്കൂൾ അടച്ച് പൂട്ടുന്നതിനായി മാനേജർമാർ നോട്ടീസ് നൽകുന്ന പ്രവണത വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചട്ടങ്ങളിൽ ഇതിനനുകൂലമായ വ്യവസ്ഥയുള്ളത് കാരണം പല മാനേജർമാരും ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി നേടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാർലമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വകുപ്പുകളെ അടിസ്ഥാനമാക്കി, സ്കൂൾ അടച്ച് പൂട്ടുന്നതിന് മാനേജർക്ക് അധികാരം നൽകുന്ന കെ. ഇ. ആർ. നിയമത്തിലെ വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് സ്കൂൾ പൂട്ടണമെന്ന വിധി പ്രസ്താവം വന്ന സാഹചര്യത്തിൽ അതിന് മുമ്പായി പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിയ്ക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) ഉണ്ട്.

(സി&ഡി) സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല. സ്കൂൾ അടച്ചുപൂട്ടുന്നതിന് മാനേജർമാർക്ക് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലുള്ള അനുകൂലമായ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച വിഷയം 45037/എഫ്2/15/പൊ.വി.വ. നമ്പർ ഫയലിൽ പരിഗണിച്ചു വരുന്നു.

വി.എച്ച്.എസ്.ഇ. ആകർഷണീയമാക്കാൻ പരിഷ്കാരങ്ങൾ

38 (1114) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ വിദ്യാർത്ഥികൾക്കുള്ള സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ എന്താണ് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഹയർ സെക്കണ്ടറി വിഭാഗത്തെ അപേക്ഷിച്ച് വി.എച്ച്.എസ്.സി. വിഭാഗത്തിൽ ചേരുന്നതിന് വിദ്യാർത്ഥികൾക്കുള്ള താത്പര്യം കുറയുന്നതിന്റെ കാരണമെന്താണ്;

(സി) കാലോചിതമല്ലാത്ത സിലബസ്സും കോഴ്സുകളുമാണ് ഈ മേഖലയിൽ വിദ്യാർത്ഥികൾക്കുള്ള താത്പര്യം കുറയ്ക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് വി.എച്ച്.എസ്.സി. രംഗം ആകർഷണീയമായ വിദ്യാഭ്യാസ വിഭാഗമായി മാറ്റുന്ന തരത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഡെഫ് സ്കൂളുകളിലെ ഏതാനും സീറ്റുകളും, പത്തനംതിട്ട ജില്ലയിലെ ചില സ്കൂളുകളിൽ ഏതാനും സീറ്റുകളും ഒഴികെ മറ്റ് വിദ്യാലയങ്ങളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നില്ല.

(ബി) വി.എച്ച്.എസ്.ഇ.-യിൽ ചേരുന്നതിന് വിദ്യാർത്ഥികൾക്ക് താൽപ്പര്യം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly